"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ് - എസ്.സി 56/2014/എം.പി.എം- തിരൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ 10.12.2014 തീയതിയിൽ നടത്തിയ മിന്നൽ പരിശോധന- യു.ഡി.ക്ലർക്ക് ശ്രീ. ഷാജി വി.റ്റി-യ്ക്കെതിരെ വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.75/2025/VIG തീയതി,തിരുവനന്തപുരം, 06-05-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30/11/2022-ലെ സി5(വി.സി.22/2015/എം.പി.എം) 15909/2015 നമ്പർ കത്ത്
2. 23/05/2024-ലെ എ3/340/2022/വിജി നമ്പർ കുറ്റാരോപണ മെമ്മോ.
3. 27/05/2024-ൽ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നൽകിയ കുറ്റാരോപണ മെമ്മോ ഉൾപ്പെടുത്തിയ എ3/340/2022/വിജി നമ്പർ കത്ത്.
4. ശ്രീ. ഷാജി വി.ടി. സമർപ്പിച്ച 02/11/2024ലെ പ്രതിവാദ പത്രിക.
5. ട്രാൻസ്പോർട്ട് കമ്മീഷണറുടെ 21/01/2025 തീയതിയിലെ ജി5/87/2024-റ്റിസി നമ്പർ കത്ത്.

**ഉത്തരവ്**

തിരൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ 10.12.2014 തീയതിയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ യു.ഡി ക്ലാർക്കായ ശ്രീ. ഷാജി.വി.റ്റി, അപേക്ഷകർ പുതിയ വാഹനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ നേരിട്ട് സമർപ്പിക്കുമ്പോൾ, അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സ്റ്റാമ്പ് ഒട്ടിച്ച കവർ ടിയാൻ ഒളിപ്പിച്ച് വയ്ക്കുന്നതായി കണ്ടെത്തിയിരുന്നു. അതു വഴി അപേക്ഷകർ നേരിട്ട് അപേക്ഷ സമർപ്പിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും ഏജന്റ് മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നതിനും വേണ്ടിയാണ് ഇപ്രകാരം പ്രവർത്തിക്കുന്നതെന്നും ഇപ്രകാരം മിന്നൽ പരിശോധന വേളയിൽ 20 സ്റ്റാമ്പ് പതിച്ച കവർ ടിയാന്റെ ടേബിളിൽ നിന്നും കണ്ടെടുത്തിട്ടുള്ളതുമാണ്.

2. പ്രസ്തുത മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ യു.ഡി ക്ലാർക്കായ ശ്രീ.ഷാജി വി.റ്റി-യ്ക്കെതിരെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റിൽ രജിസ്റ്റർ ചെയ്ത വി.സി

22/2015/എം.പി.എം കേസിന്റെ അന്വേഷണം പൂർത്തികരിച്ച് വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഈ കേസിന്റെ അന്വേഷണത്തിൽ നിന്നും പ്രതിയ്ക്കെതിരെ വിജയകരമായ പ്രോസിക്യൂഷൻ നടപടികൾ നടത്തുന്നതിന് സാദ്ധ്യമല്ലാത്തതിനാൽ കേസിൽ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് അന്തിമ റിപ്പോർട്ട് FAD (Further Action Dropped) ആയി കോടതി മുമ്പാകെ സമർപ്പിക്കുകയും കോടതി ടി അന്തിമ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് കുറ്റാരോപിതനെതിരെ മതിയായ തെളിവുകൾ ലഭ്യമല്ലാത്തതിനാൽ വിജിലൻസ് ട്രൈബ്യൂണൽ എൻക്വയറിയാണ് ഉചിതമെന്നു പരാമർശിച്ചുകൊണ്ട് 31.10.2022 തീയതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രതിയ്ക്കെതിരെ വകുപ്പുതല നടപടിയ്ക്കാണ് അന്വേഷണ ഉദ്യോഗസ്ഥൻ, അഡീഷണൽ ലീഗൽ അഡ്വൈസർ എന്നിവർ ശിപാർശ ചെയ്തിരുന്നത്. എന്നാൽ കുറ്റാരോപിതനെതിരെ വിജിലൻസ് ട്രൈബ്യൂണൽ എൻക്വയറി മുഖേന അന്വേഷണം നടത്തുന്നതിന് പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും വിജിലൻസ് ഡയറക്ടറുടെ ശിപാർശ അംഗീകരിച്ചതിൻ പ്രകാരം യു.ഡി ക്ലാർക്കായ ശ്രീ. ഷാജി വി.റ്റി-യ്ക്ക് എതിരെ വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊള്ളുകയുണ്ടായി. അതനുസരിച്ച് കുറ്റാരോപിതന് പരാമർശം (3) പ്രകാരം ഗതാഗത കമ്മീഷണർ മുഖേന കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

4) എന്നാൽ പ്രസ്തുത കുറ്റപത്രത്തിൽ വിവരിച്ച ആരോപണങ്ങളെല്ലാം നിഷേധിച്ചുകൊണ്ട് പരാമർശം (4) പ്രകാരം കുറ്റാരോപിതൻ സമർപ്പിച്ച പ്രതിവാദ പത്രിക പരാമർശം (5) പ്രകാരം ട്രാൻസ്പോർട് കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി. തികച്ചും അജ്ഞാതമായ പരാതിയുടെ അടിസ്ഥാനത്തിലാണ് തനിക്ക് ചാർജ് മെമ്മോ നൽകിയിട്ടുള്ളതെന്നും അപ്രകാരമുള്ള പരാതിക്ക് അടിസ്ഥാനമായ കേസ് ആയ വി.സി 22/2015-ൽ നിന്നും ബഹുമാനപ്പെട്ട കോടതി തന്നെ വിട്ടുതൽ ചെയ്തിട്ടുള്ളതാണ് എന്നും കുറ്റാരോപണ മെമ്മോയിൽ ആരോപിച്ച സ്റ്റാമ്പ്ഡ് കവറിനെ സംബന്ധിച്ച സ്റ്റേറ്റ്മെൻറ് കൊടുത്തവർ എല്ലാവരും തന്നെ ഡീലർ മുഖേനയോ ഏജന്റ് മുഖേനയോ ആണ് അപേക്ഷ സമർപ്പിച്ചതെന്ന് സ്റ്റേറ്റ്മെൻറ് കൊടുത്തിട്ടുണ്ട് എന്നും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് വേണ്ട അപേക്ഷ അസിസ്റ്റൻറ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ആണ് വാങ്ങുന്നത് എന്നും അദ്ദേഹം വാങ്ങി ഫയലുകൾ പരിശോധിച്ച ശേഷമാണ് ക്ലാർക്കായ തന്റെ മുമ്പാകെ എത്തുന്നത് എന്നും ആരൊക്കെയാണ് അപേക്ഷ സമർപ്പിച്ചതെന്ന് തനിക്ക് നേരിട്ട് യാതൊരു അറിവുമില്ലാത്തതാണ് എന്നും താൻ ഫയൽ പരിശോധിച്ച ശേഷം തനിക്ക് ലഭിച്ച എല്ലാ ഫയലുകളും സൂപ്രണ്ട് വെരിഫൈ ചെയ്ത ശേഷം ജോയിന്റ്

ആർടിഒ മുമ്പാകെ സമർപ്പിക്കുകയാണ് ചെയ്യുന്നത് എന്നും ടിയാൻ ബോധിപ്പിച്ചു. കൂടാതെ, തനിക്ക് AMVI മുഖേന ലഭിച്ച ഫയൽ യാതൊരു രീതിയിലും മാറ്റം വരുത്താറില്ല എന്നും ഫയലിലുള്ള രേഖകളുടെ ചെക്ക് ലിസ്റ്റ് അടക്കം ഉണ്ടാകാറുള്ളതാണ് എന്നും താൻ ഫയൽ സംബന്ധമായ രേഖകൾ കമ്പ്യൂട്ടർ സേവ് ചെയ്യുക മാത്രമാണ് ചെയ്യാറുള്ളത് എന്നും ആയതിനാൽ സ്റ്റാമ്പ്ഡ് കവർ താൻ വാങ്ങിയെന്നോ മാറ്റി വെച്ചു എന്നുള്ള ആരോപണത്തിന് യാതൊരു തെളിവുകളും മൊഴികളും ഇല്ലാത്തതാണ് എന്നും തിരൂർ സബ്. ആർടി ഓഫീസിൽ മലപ്പുറം വിജിലൻസ് പരിശോധന നടത്തിയ 10.12.2014-ന് താൻ ഓഫീസിൽ ലീവ് ആയിട്ടുള്ളതും, ഓഫീസിൽ ഇല്ലാതിരുന്ന അവസരത്തിലാണ് തന്റെ ഓഫീസ് ടേബിളിൽ നിന്നും 20 മേൽവിലാസങ്ങൾ അടങ്ങിയ 40 രൂപ വിലയുള്ള പോസ്റ്റൽ സ്റ്റാമ്പുകൾ കണ്ടെത്തി seizure തയ്യാറാക്കിയതെന്നും പ്രസ്തുത പോസ്റ്റൽ കവറുകൾ തന്റെ മേശപ്പുറത്ത് താൻ തലേദിവസം ഓഫീസിൽ നിന്നും പോകുന്നതുവരെ ഇല്ലാത്തതാണ് എന്നും കൂടാതെ തന്റെ മേശപ്പുറത്തുള്ള എല്ലാ പെൻഡിങ് ഫയലുകളും യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കിയിട്ടുള്ളതുമാണ് എന്നും അറിയിച്ചു. ചില RC ഉടമസ്ഥർ അവരുടെ മേൽവിലാസം സഹിതം ഓഫീസിൽ വന്നു അഡ്രസ്സ് കാണിച്ച് RC നേരിട്ട് വാങ്ങാറുണ്ട് എന്നും ഗതാഗത കമ്മീഷണറുടെ 07.12.2011 സർക്കുലർ നമ്പർ 23/2011 പ്രകാരം അപേക്ഷകന് ആർസി സ്പീഡ് പോസ്റ്റ് വഴിയോ നേരിട്ടോ കൈപ്പറ്റുന്നതിന് അർഹതയുള്ളതാണെന്നും ഓഫീസിൽ വാഹന ഉടമ തന്നെ നേരിട്ട് എത്തേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട് എന്നും പിന്നീട് 30.12.2013ന് പ്രസ്തുത സർക്കുലർ സ്പഷ്ടീകരണം എന്ന നിലയിൽ C1/G3/1277TC/2006 പുറപ്പെടുവിക്കുകയും ആയതിൻ പ്രകാരം രേഖകൾ അപേക്ഷകൾ നേരിട്ട് നൽകുമ്പോൾ അപേക്ഷകനെ ബന്ധപ്പെട്ട ഓഫീസിലെ മിനിസ്റ്റീരിയൽ ഹെഡ് identity ചെയ്തു രേഖകൾ ഡെസ്പാച്ച് ക്ലാർക്ക് വഴി വിതരണം ചെയ്യേണ്ടതുണ്ട് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നും യാതൊരു അപേക്ഷകനും മേലാധികാരികളോട് തന്റെ പേരിൽ യാതൊരു പരാതികളും ബോധിപ്പിച്ചിട്ടില്ലാത്തതാണ് എന്നും താൻ RC ഡെസ്പാച്ച് നടത്താറില്ല എന്നും യാതൊരുവിധ ഇടനിലക്കാരന്റെയും ഗൂഢാലോചനയുടെ ഭാഗം ആയിട്ടില്ല എന്നും ഒരു പൊതുജനത്തോടും താൻ മോശമായി പെരുമാറിയിട്ടില്ല എന്നും ഇത്രയും കാലം യാതൊരുവിധ ജോലി ഭംഗത്തിനോ ഉത്തരവാദിത്വരാഹിത്യത്തിനോ കാരണക്കാരനായിട്ടില്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. തന്റെ ഭാഗം വ്യക്തമാക്കുന്നതിനു തന്നെ നേരിൽ കേൾക്കാൻ അവസരം നൽകണമെന്ന അപേക്ഷ പരിഗണിച്ച്

04.03.2025- ന വിജിലൻസ് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി കുറ്റാരോപിതനെ നേരിൽ കേൾക്കുകയുണ്ടായി. പ്രതിവാദ പത്രികയിൽ സമർപ്പിച്ച വാദങ്ങൾ തന്നെ ടിയാൻ ഹിയറിംഗ് വേളയിലും ആവർത്തിക്കുകയുണ്ടായി.

(5) സർക്കാർ ഈ വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപിതൻ സമർപ്പിച്ച പ്രതിവാദ പത്രികയും, ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ പരിശോധിച്ചതിൽ നിന്നും കുറ്റാരോപിതന്റെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായതായി കാണുന്നതിനാലും, ആയതിനു തൃപ്തികരമായ മറുപടി നല്കാൻ ടിയാന് സാധിച്ചിട്ടില്ലാത്തതിനാലും കുറ്റാരോപിതന്റെ വാദങ്ങൾ പ്രഥമദ്ൃഷ്ട്യാൽ ഉള്ള രേഖകൾ കൊണ്ട് ശരിയെന്നു കാണാൻ കഴിയാത്ത സാഹചര്യത്തിലും ആരോപണങ്ങൾ സംബന്ധിച്ച് വിശദമായി അന്വേഷിക്കേണ്ട താണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഷാജി.വി.റ്റി-യ്ക്കെതിരെ കേരള സിവിൽ സർവ്വീസ് (വിജിലൻസ് ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

6) പരാമർശത്തിലെ രേഖകൾ, ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ച മറ്റ് രേഖകൾ എന്നിവ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിന് ഇതോടൊപ്പം കൈമാറുന്നു. സർക്കാരിന് വേണ്ടി കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുമ്പാകെ ഈ കേസ് നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-നെ ചുമതലപ്പെടുത്തുന്നു.

7) ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും കൃത്യതയോടെ കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ അവതരിപ്പിക്കുന്നതിന് ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-ന് ആവശ്യമായ സഹായം വിജിലൻസ് ആന്റ് ആൻഡി കറപ്ഷൻ ബ്യൂറോ ഡയറക്ടർ/ഗതാഗത കമ്മീഷണർ എന്നിവർ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്മിത എസ്

ജോയിന്റ് സെക്രട്ടറി

വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട് (ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യുന്നു. രേഖകൾ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.)

ശ്രീ. ഷാജി.വി.റ്റി, യു.ഡി. ക്ലാർക്ക് (ഗതാഗത കമ്മീഷണർ മുഖാന്തിരം)

ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ഗതാഗത വകുപ്പ്

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mini T R
Date: 06-05-2025 17:12:02

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.